പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 93. 14.6.2012 - ൽ
മറുപടിയ്ക്ക്

## ഉന്നത വിദ്യാഭ്യാസ നയരൂപീകരണത്തിനായുള്ള കമ്മിറ്റികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| പ്രൊഫ.സി.രവീന്ദ്രനാഥ്.<br>ശ്രീ.കെ.സുരേഷ് കുറുപ്പ്.<br>ശ്രീമതി.പി.അയിഷാ പോറ്റി. | | ശ്രീ.പി.കെ.അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | ഉന്നത വിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട് എത്ര കമ്മിറ്റികൾ നിലവിലുണ്ട് ; | (എ) | ഉന്നതവിദ്യാഭ്യാസ നയരൂപീകരണവുമായി ബന്ധപ്പെട്ട് സർക്കാർ തലത്തിൽ കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല. |
| (ബി) | അനന്തമൂർത്തി കമ്മിറ്റി, റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു; അവ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ; അതിന്മേലുള്ള നടപടികൾ ഏതു ഘട്ടത്തിലാണ് ; | (ബി) | സംസ്ഥാനത്തിന്റെ ഉന്നത വിദ്യാഭ്യാസ നയരേഖ തയ്യാറാക്കാൻ ഡോ.യു.ആർ.അനന്തമൂർത്തിയുടെ അദ്ധ്യക്ഷതയിൽ നിയമിച്ച കമ്മിറ്റി അതിന്റെ റിപ്പോർട്ട്, ഉന്നതവിദ്യാഭ്യാസ കൗൺസിലിന് സമർപ്പിച്ചിട്ടുണ്ടായിരുന്നു. അതിലെ പ്രധാന ശുപാർശകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. റിപ്പോർട്ട് സർക്കാർ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. |
| (സി) | പുതുതായി ഒരു കമ്മിറ്റി രൂപീകരിക്കേണ്ട സാഹചര്യം എന്തായിരുന്നു; | (സി) & (ഡി) | ദേശീയ അന്തർദ്ദേശിയ തലത്തിൽ വന്നിട്ടുള്ള മാറ്റങ്ങൾ ഉൾക്കൊണ്ട് സംസ്ഥാന ഉന്നതവിദ്യാഭ്യാസ നയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങൾ സംബന്ധിച്ച ഉപദേശങ്ങൾ നൽകാൻ ഡോ. ജെ.എ.കെ തരീൻ, (വൈസ് ചാൻസലർ, പോണ്ടിച്ചേരി യൂണിവേഴ്സിറ്റി ) ചെയർമാനായി ഒരു |

| | | | |
|---|---|---|---|
| | | | സമിതി ഉന്നതവിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്. |
| (ഡി) | പ്രത്യേകമായി ഏതുമേഖല സംബന്ധിച്ച് പഠനം നടത്താനാണ് പ്രസ്തുത കമ്മിറ്റിയോട് ആവശ്യപ്പെട്ടിരിക്കുന്നത് ; | | |
| (ഇ) | പ്രസ്തുത സാഹചര്യത്തിൽ അനന്തമൂർത്തി കമ്മിറ്റി റിപ്പോർട്ട് തള്ളിക്കളയാൻ ഉദ്ദേശിക്കുന്നുണ്ടോ ? | (ഇ) | ഇക്കാര്യത്തിൽ സർക്കാർ അന്തിമ തീരുമാനം സ്വീകരിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്.